(ബി, സി, ഡി) കോട്ടയ്ക്കലെ ചികിൽസകൊണ്ട് സുഖമുണ്ടായിട്ടുണ്ടെന്നും ഇപ്പോൾ കാൽമുട്ട് വളയ്ക്കുവാൻ കഴിയുമെന്ന നിലവന്നിട്ടുണ്ടെന്നും അറിവു ലഭിച്ചിരിക്കുന്നു. അമേരിക്കയിൽ കൂടുതൽ വിദഗ്ദ്ധ ചികിൽസയ്ക്കുവേണ്ടി പോകുന്നുണ്ടോ എന്ന വിവരം ലഭിച്ചിട്ടില്ല.

മന്ത്രിമന്ദിരങ്ങളിലെ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ്

891 [1407] ശ്രീ. പി.ബി.ആർ. പിള്ള: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഓരോ മന്ത്രിമന്ദിരത്തിന്റേയും അറ്റകുറ്റപ്പണികൾ തീർക്കുന്നതിനും താമസസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഫർണീച്ചർ ആദിയായ ആവശ്യങ്ങൾക്കുമായി കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ ഗവൺമെൻറിന് എന്തു തുക ചെലവാക്കേണ്ടതായിവന്നിട്ടുണ്ട് എന്നു വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ ഓരോ മന്ത്രിമന്ദിരത്തിലെയും അറ്റകുറ്റപ്പണികൾ തീർക്കുന്നതിനും താമസസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി കഴിഞ്ഞ വർഷം 1,56,932 രൂപയും, ഫർണീച്ചർ ആദിയായ ആവശ്യങ്ങൾക്കായി 1,98,655 രൂപ 73 പൈസയും ചെലവായിട്ടുണ്ട്.

മേൽപ്പറഞ്ഞ ഇനങ്ങളിൽ ഓരോ മന്ത്രിമന്ദിരത്തിനും പ്രത്യേകം ചെലവായ തുകയുടെ വിവരം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.†

കാട്ടകാമ്പാൽ-ചെറുവള്ളി കടവ് റോഡ്

892 [1408] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറെ കൊല്ലങ്ങളായി ബഡ്ജറ്റിൽ കൊള്ളിച്ചുവരുന്ന തൃശ്ശൂർ ഡിസ്ട്രിക്ടിൽപ്പെട്ട കാട്ടകാമ്പാൽ-ചെറുവള്ളികടവ് റോഡ് നന്നാക്കുന്ന പണി നടക്കാത്തത് എന്തുകൊണ്ടാണ്;

(ബി) വളരെയധികം ട്രാഫിക്ക് തിരക്കുള്ള ഈ റോഡിന്റെ പണി ഈ കൊല്ലം തന്നെ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ റോഡ് നിശ്ചിത വീതിയിൽ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്ന നടപടിയിൽ ഉള്ള കാലതാമസംകൊണ്ടാണ് പണി ആരംഭിക്കാത്തത്.

(ബി) ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് എന്തു ചെലവ് വരുമെന്നറിഞ്ഞശേഷം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഈ വർഷം പണി ആരംഭിക്കാൻ സാദ്ധ്യതയില്ല.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly